പത്രക്കുറിപ്പ്
09/12/2018

# കാൽ ലക്ഷത്തിലേറെ വനിതാ കർഷകർ കുടുംബശ്രീ ജൈവകൃഷി പദ്ധതിയിൽ; 2186.5 ഹെക്ടർ സ്ഥലത്ത് കൃഷി പുരോഗമിക്കുന്നു

- ലക്ഷ്യം 10000 ഹെക്ടറിൽ ജൈവകൃഷി
- കൃഷി നടത്തുന്നവർക്ക് നാഷണൽ കൗൺസിൽ ഫോർ ഓർഗാനിക് ഫാമിങ് സർട്ടിഫിക്കറ്റ്
- ഹരിതജീവനം ഒന്നാം ഘട്ടം ക്യാമ്പെയ്ൻ പൂർത്തിയായി

തിരുവനന്തപുരം: വിഷരഹിത പച്ചക്കറികളും ഫലവർഗ്ഗങ്ങളും ഉത്പാദിപ്പിച്ച് ഓർഗാനിക് സർട്ടിഫിക്കറ്റോടെ പൊതു വിപണിയിലെത്തിക്കുക ലക്ഷ്യമിട്ട് കുടുംബശ്രീ തുടക്കമിട്ട ജൈവകൃഷി പദ്ധതി പ്രകാരം ഇതുവരെ 2186.5 ഹെക്ടറിൽ കൃഷി ആരംഭിച്ചു. ഈ വർഷം ഏപ്രിലിലാണ് മൂന്ന് വർഷം കൊണ്ട് 10000 ഹെക്ടറിൽ ജൈവകൃഷി നടത്താനുള്ള പദ്ധതിയുടെ കരട് രേഖ തയാറാക്കിയത്. ഇതുവരെ 28059 വനിതാ കർഷകർ പദ്ധതി യുടെ ഭാഗമായി കഴിഞ്ഞു. ഇവർക്ക് നാഷണൽ സെന്റർ ഓഫ് ഓർഗാനിക് ഫാമിങ് (എൻസിഒഎഫ്) നൽകുന്ന പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം (പിജിഎസ്) സർട്ടിഫിക്കേഷൻ നൽകും. എൻസിഒഎഫ് അംഗീകരിച്ച റീജ്യണൽ കൗൺസിലാണ് കുടുംബശ്രീ കൃഷി സംഘങ്ങൾക്ക് ജൈവകൃഷി പദ്ധതിയുടെ ഭാഗമായി പരിശീലനവും ജൈവകൃഷി സർട്ടിഫിക്കേഷന് ആവശ്യമായ സഹായങ്ങളും നൽകുന്നത്.

കുടുംബശ്രീ മുഖേന കേരളത്തിൽ നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതിയായ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എംകെഎസ്പി)യുടെ ഭാഗമായാണ് കാർഷിക മേഖലയിൽ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യമായ കുടുംബശ്രീ പ്രധാനമായും ഇടപെടുന്നത്. ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ ഉപപദ്ധതിയാണ് എംകെഎസ്പി കാർഷിക രംഗത്ത് സ്ത്രീകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുക. പ്രകൃതിയോട് ഇണങ്ങിയുള്ള ജൈവകൃഷി പോലുള്ള മാർഗ്ഗങ്ങളിലൂടെ സ്ത്രീകൾക്ക് ഉപജീവനത്തിനുള്ള വഴികൾ കണ്ടെത്തി നൽകുക തുടങ്ങിയ ലക്ഷ്യങ്ങളുള്ള എംകെഎസ്പി പദ്ധതി 2011 മുതലാണ് കേരളത്തിൽ നടപ്പിലാക്കി തുടങ്ങിയത്. അയൽക്കൂട്ടത്തിൽ അംഗങ്ങളായ നാല് മുതൽ പത്ത് വരെ വനിതാ കർഷകർ ഉൾപ്പെടുന്ന കൃഷി സംഘങ്ങൾ (ജെഎൽജി- ജോയ്ന്റ് ലയബിലിറ്റി ഗ്രൂപ്പ്) രൂപീകരിച്ച് സംഘകൃഷിയിലൂടെയാണ് കുടുംബശ്രീ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നത്. ഇപ്പോൾ 63101 ജെഎൽജികളിലൂടെ 3.1 ലക്ഷം കുടുംബശ്രീ വനിതകൾ കൃഷി വഴി ഉപജീവന മാർഗ്ഗം കണ്ടെത്തുന്നു. ആകെ 52490 ഹെക്ടർ സ്ഥലത്താണ് കൃഷി ചെയ്യുന്നത്. എംകെഎസ്പി പദ്ധതി ഏറ്റവും ഫലപ്രദമായ രീതിയിൽ നടപ്പിലാക്കിയതിന് ദേശീയ ഗ്രാമ വികസന മന്ത്രാലയത്തിന്റെ ദേശീയ പുരസ്ക്കാരവും കുടുംബശ്രീയ്ക്ക് ലഭിച്ചിരുന്നു.

## പത്ത് ശതമാനം അധിക ഇൻസെന്റീവ്

ജൈവകൃഷി പദ്ധതിയുടെ ഭാഗമാകുന്ന സംഘങ്ങൾക്ക് നിലവിൽ കൃഷി ചെയ്യുന്ന കൃഷി സംഘങ്ങൾക്ക് നൽകുന്ന ഇൻസെന്റീവിന് പുറമേ പത്ത് ശതമാനം അധികം ഇൻസെന്റീവ് നൽകുന്നതടക്കമുള്ള സഹായങ്ങളും ജൈവകൃഷി പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ നടപ്പിൽ വരുത്തിക്കഴിഞ്ഞു. ജൈവകൃഷിയുടെ ഭാഗമാകാൻ താത്പര്യമുള്ള 100 കൃഷി സംഘങ്ങളെ ചേർത്ത് ബ്ലോക്ക് തലത്തിൽ ക്ലസ്റ്റർ രൂപീകരിക്കുകയും ക്ലസ്റ്ററിലുള്ള 5 മുതൽ 20 പേർ വരെ അടങ്ങുന്ന കർഷകരെ പ്രാദേശിക സംഘങ്ങളായി (ലോക്കൽ ഗ്രൂപ്പുകളായി -എൽജി) തിരിക്കുകയും ചെയ്യുന്നു. ഒരു ക്ലസ്റ്ററിന് വേണ്ടി രണ്ട് വീതം ക്ലസ്റ്റർ ലെവൽ കോർഡിനേറ്റർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. തെരഞ്ഞെടുത്ത റീജ്യണൽ കൗൺസിലിന്റെ സഹായത്തോടെ ഈ കോർഡിനേറ്റർമാരാണ് ക്ലസ്റ്ററുകളിലുള്ള അംഗങ്ങൾക്ക് പരിശീലനവും മറ്റ് സഹായങ്ങളും നൽകുന്നത്. ക്ലസ്റ്റർ തലത്തിൽ കർഷകരുടെ വിവരങ്ങൾ ശേഖരിച്ച്

എൻസിഒഎഫിന്റെ വെബ്സൈറ്റിൽ ലോക്കൽ ഗ്രൂപ്പുകളുടെ രജിസ്ട്രേഷൻ നടത്തുന്നു.

കൃഷി സ്ഥലങ്ങളിലെ സന്ദർശനം, ജൈവകൃഷി വിലയിരുത്തൽ, യോഗങ്ങൾ എന്നിവ ഇക്കാലയളവിൽ നിരന്തരം നടത്തും. ഒരു കൊല്ലത്തിന് ശേഷം പിജിഎസ് ഗ്രീൻ (കൺവേർഷൻ- ജൈവകൃഷിയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു-) സർട്ടിഫിക്കറ്റ് നൽകും. മൂന്ന് വർഷത്തിന് ശേഷം പിജിഎസ് ഓർഗാനിക് സർട്ടിഫിക്കറ്റും എൻസിഒഫ് നൽകും. ഉത്പന്നങ്ങൾ ഈ സർട്ടിഫിക്കറ്റുകൾ വച്ച് വിപണിയിലെത്തിക്കാനും കഴിയും. 14 ജില്ലകളിലായി 4910 ലോക്കൽ ഗ്രൂപ്പുകളാണ് ഇതുവരെ രൂപീകരിച്ചിട്ടുള്ളത്.

**<u>ഹരിതജീവനം ക്യാമ്പെയ്ൻ</u>**

ജൈവകൃഷിയെക്കുറിച്ചും ജൈവ ഉത്പന്നങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കാനും അതുവഴി ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും കർഷകർക്ക് ഉയർന്ന വരുമാനം ഉറപ്പുവരുത്താനുമായി കുടുംബശ്രീ ഹരിതജീവനം, കുടുംബശ്രീ ജൈവ സന്ദേശയാത്ര എന്ന ക്യാമ്പെയ്ൻ സംഘടിപ്പിച്ചിരുന്നു. കുടുംബശ്രീയുടെ കമ്മ്യൂണിറ്റി തിയേറ്റർ സംഘമായ രംഗശ്രീയുമായി സഹകരിച്ച് ക്യാമ്പെയ്ന്റെ ആദ്യ ഘട്ടത്തിന്റെ ഭാഗമായി ഒക്ടോബർ എല്ലാ ജില്ലകളിലും തെരുവുനാടകങ്ങൾ സംഘടിപ്പിച്ച് ഹരിതജീവനമെന്ന പേരിൽ ക്യാമ്പെയ്ൻ നടത്തിയിരുന്നു. ഒരു ദിവസം നാല് നാടകങ്ങൾ വീതമാണ് നടത്തിയത്. ഒരു ജില്ലയിൽ അത്തരത്തിൽ ആകെ 12 നാടകങ്ങൾ വീതം സംഘടിപ്പിച്ചു. ഒക്ടോബർ 15 മുതൽ 30 വരെ 14 ജില്ലകളിലായി 168 തെരുവുനാടകങ്ങൾ സംഘടിപ്പിച്ചു. രണ്ടാം ഘട്ടം 2019 ജനുവരി- ഫെബ്രുവരി മാസങ്ങളിൽ തുടങ്ങും.

| ജില്ല | ലോക്കൽ ഗ്രൂപ്പുകൾ | ജെഎൽജികൾ | കർഷകർ | ജൈവകൃഷി നടത്തുന്ന സ്ഥലം ഹെക്ടറിൽ |
|---|---|---|---|---|
| തിരുവനന്തപുരം | 96 | 308 | 1334 | 118.38 |
| കൊല്ലം | 100 | 246 | 1056 | 101.25 |
| പത്തനംതിട്ട | 148 | 168 | 983 | 78.91 |
| ആലപ്പുഴ | 155 | 157 | 1094 | 103.7 |
| കോട്ടയം | 147 | 349 | 1410 | 169.36 |
| ഇടുക്കി | 396 | 336 | 1347 | 114 |
| എറണാകുളം | 380 | 380 | 1900 | 159.54 |
| തൃശ്ശൂർ | 1009 | 667 | 3335 | 140.42 |

| | | | | |
|---|---|---|---|---|
| പാലക്കാട് | 165 | 389 | 1980 | 192.6 |
| മലപ്പുറം | 75 | 199 | 740 | 198 |
| കോഴിക്കോട് | 648 | 499 | 2258 | 170.4 |
| വയനാട് | 936 | 824 | 4120 | 257 |
| കണ്ണൂർ | 287 | 565 | 2565 | 174.1 |
| കാസർഗോഡ് | 368 | 960 | 3937 | 209 |
| ആകെ | **4910** | **6047** | **28059** | **2186.66** |

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ